**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1912

08.12.2014 ൽ
മറുപടിക്ക്

**ഐ. എ. എസ് അക്കാദമി ആരംഭിക്കാൻ നടപടി**

**ചോദ്യം**
**ശ്രീ. റോഷി അഗസ്റ്റിൻ**

**മറുപടി**
**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

| | |
|---|---|
| (എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ.എ.എസ് അക്കാദമി ആരംഭിച്ചിട്ടുള്ളത്; ആയതിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാഡമിയുടെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2014- ൽ പ്രവർത്തനം ആരംഭിച്ച ടി കേന്ദ്രങ്ങളിൽ സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷാ ക്ലാസ്സുകൾ വിജയകരമായി നടത്തി വരുന്നു. പരിശീലന ക്ലാസ്സുകൾ മികച്ച ഗുണനിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ പരിചയസമ്പന്നരുമായ അദ്ധ്യാപകരാണ് അക്കാഡമിയുടെ വിജയത്തിന്റെ പ്രധാന ഘടകം. വിശദമായ വിലയിരുത്തൽ നടത്തിയിട്ടില്ല. |
| (ബി) ഇടുക്കി ജില്ലയിൽ കട്ടപ്പന കേന്ദ്രീകരിച്ച് ഐ. എ. എസ്. അക്കാദമി ആരംഭിക്കണമെന്ന പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായി; വിശദാംശങ്ങൾ നൽകുമോ? | (ബി) ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിലുള്ള മൂന്നു കേന്ദ്രങ്ങൾക്ക് പുറമേ നിർദ്ദിഷ്ട ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയ ശേഷം പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ